(കെ) കിറ്റ്സിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ ഇപ്പോൾതന്നെ ധനസഹായം നൽകിവരുന്നുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ട അക്കാദമിക്ക് ബ്ലോക്കിന്റെ 70% ജോലികളും പൂർത്തിയായിട്ടുണ്ട്. ഗേൾസ് ആന്റ് ബോയിസ് ഹോസ്റ്റൽ നിർമ്മാണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. കേരളാ യൂണിവേഴ്സിറ്റിയുടെയും എ.ഐ.സി.ടി.ഇ. യുടെയും നിർദ്ദേശം അംഗീകരിച്ചുകൊണ്ട് വിപുലമായ സൗകര്യത്തോടെ പുതിയ കംപ്യൂട്ടർ ലാബ് സജ്ജീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ വർഷം മുതൽ കേരളാ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ബി.എസ്സ്.സി ഹോട്ടൽ മാനേജ്മെന്റ്, ബി.ബി.എ. ട്രാവൽ ആന്റ് ടൂറിസം എം.ഫിൽ. ടൂറിസം എന്നീ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിറ്റ്സിന്റെ കാമ്പസ് വികസനവുമായി ബന്ധപ്പെട്ട ഒരു മാസ്റ്റർ പ്ലാൻ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 5.03 ഏക്കർ സ്ഥലം കിറ്റ്സിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

86 (6004) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കൗൺസിൽ കൃത്യമായി യോഗം ചേരാറുണ്ടോ ;

(സി) 2008, 2009, 2010 വർഷങ്ങളിൽ യഥാക്രമം എത്ര യോഗങ്ങൾ ചേർന്നു ;

(ഡി) കൗൺസിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഡി.റ്റി.പി.സി. യിൽ 18 വർഷം വരെ സർവ്വീസ് ഉള്ളവർക്ക് തുച്ഛമായ വേതനം മാത്രം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ജീവനക്കാരുടെ വേതനം പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൗൺസിൽ കൃത്യമായി യോഗം കൂടാറുണ്ട്. ഏറ്റവും ഒടുവിലായി 2010 ജൂലൈ 17-ന് കൗൺസിലിന്റെ നിർവ്വാഹകസമിതി യോഗം കളക്ടറുടെ അദ്ധ്യക്ഷതയിൻ കൂടിയിരുന്നു.

(സി) 2008-ൽ നാല്, 2009-ൽ ഒന്ന്, 2010-ൽ ഒന്ന്.

(ഡി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2010 ജൂലൈ 17-ന് കൂടിയ ഡി.റ്റി.പി.സി നിർവ്വാഹക സമിതി യോഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ചിട്ടുണ്ട്.

ഡി.റ്റി.പി.സി.യുടെ പ്രവർത്തനം

87 (6005) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.റ്റി.പി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വിനോദസഞ്ചാരമേഖലയിൽ വൈദഗ്ധ്യമുള്ളവരെ ഡി.റ്റി.പി.സി. സെക്രട്ടറിമാരാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഡി.റ്റി.പി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കിവരുന്നു. കൂടാതെ ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ മീറ്റിംഗ് ഇടയ്ക്കിടെ ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വിനോദസഞ്ചാര മേഖലയിലുള്ള വൈദഗ്ധ്യം കൂടി പരിഗണിച്ചാണ് ഡി.റ്റി.പി.സി സെക്രട്ടറിമാരെ നിയമിക്കുന്നത്.

ഡി.റ്റി.പി.സി. സെക്രട്ടറിമാരുടെ നിയമനം

88 (6006) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡി.റ്റി.പി.സി. സെക്രട്ടറിമാരെ നിയമിക്കുന്നതിന് പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പ്രകാരം എത്ര ജില്ലകളിൽ നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) ഡി.റ്റി.പി.സി. കൾക്ക് കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ട് പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) നിലവിൽ ഡി.റ്റി.പി.സി.കളുടെ സാമ്പത്തിക നില ഭദ്രമാണോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികളുടെ മേൽനോട്ടം ഡി.റ്റി.പി.സി.കളെ ഏൽപ്പിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly